**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 108** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കേന്ദ്ര സഹായത്തോടെയുള്ള പുതിയ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നീലകണ്ഠൻ
ശ്രീ. എം. വിൻസെന്റ്
ശ്രീ. ടോണി ചമ്മണി
ശ്രീ. വി. എസ്. ജോയി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കേരളത്തിന്റെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് മന്ത്രി കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കൂടിക്കാഴ്ച്ച നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗവുമായി ബന്ധപ്പെട്ട പദ്ധതികളുടെ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് മന്ത്രി 2026 ജൂലൈ 7-ാം തീയതിയും സെപ്റ്റംബർ 24-ാം തീയതിയും കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്.

**(ബി)** പ്രസ്തുത കൂടിക്കാഴ്ചയുടെ ഭാഗമായി ഏതെല്ലാം പദ്ധതികളുടെ അനുമതി ലഭ്യമായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത കൂടിക്കാഴ്ചയിൽ വയനാട് ജില്ലയിലെ കബനിനദിക്ക് കുറുകെ ബൈരക്കുപ്പ പാലംനിർമ്മാണം, ദേശീയപാത 744-ൽ കൊല്ലം - തിരുമംഗലം പാത മെച്ചപ്പെടുത്തൽ, ദേശീയപാത 966-ൽ രാമനാട്ടുകര മുതൽ ചന്ദ്രനഗർ വരെയുള്ള പാത മെച്ചപ്പെടുത്തൽ, ദേശീയപാത 66-ൽ തിരുവനന്തപുരം കഴക്കൂട്ടം മുതൽ ബാലരാമപുരം വരെയുള്ള പാത മെച്ചപ്പെടുത്തൽ, കൊല്ലം- തേനി ദേശീയപാതയിൽ കടവൂർ മുതൽ ചെങ്ങന്നൂർ ആഞ്ഞിലിമൂട് വരെ നാല് വരി പാത വികസനം, ശബരിമല, മൂന്നാർ, വയനാട് എന്നിവിടങ്ങളിൽ റോപ്പ് വേ നിർമ്മാണം, ദേശീയപാത 185-ൽ അടിമാലി - കുമളി ദേശീയപാതയുടെ വീതികൂട്ടുന്ന പദ്ധതി, കൊടുങ്ങല്ലൂർ - അങ്കമാലി ബൈപ്പാസ് അലൈൻമെന്റ്, wellington ഐലൻഡ് കുണ്ടന്നൂർ ബൈപ്പാസിനെ അരൂർ അങ്കമാലി ബൈപ്പാസുമായി ബന്ധിപ്പിക്കുക, കോതമംഗലം - മൂവാറ്റുപുഴ ബൈപ്പാസുകളുടെ പുതുക്കിയ അലൈൻമെന്റ്, കോഴിക്കോട് രാമനാട്ടുകര മുതൽ കോഴിക്കോട് എയർപോർട്ട് വരെ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുക എന്നീ പദ്ധതികൾ പ്രസ്തുത കൂടിക്കാഴ്ചയിൽ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അന്തിമ അനുമതിക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** അതിന്റെ ഫലമായി ആകെ എത്ര തുകയുടെ പ്രവൃത്തികൾക്ക് കേന്ദ്ര അനുമതി ലഭ്യമായെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** പ്രസ്തുത കുടിക്കാഴ്ചയുടെ ഭാഗമായി, കബനി നദിക്ക് കുറുകെയുള്ള ബൈരകുപ്പ പാലം നിർമ്മാണത്തിന് കേന്ദ്ര ഉപരിതല ഗതാഗത ദേശീയപാത മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചു. 2026-27 വർഷത്തെ CRIF 'സേതുബന്ധൻ' പദ്ധതിയിൽ ഉൾപ്പെടുത്തി 27 കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**